"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശാസ്താംകോട്ട മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിലെ സസ്പെൻഷനിലായ പ്രധാനാദ്ധ്യാപിക ശ്രീമതി.ബസി ജോർജ്ജ്.എൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22901/2022-ലെ 27.07.2022 ലെ വിധിന്യായത്തിലെയും, സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.30841/2022-ലെ 28.09.2022 -ലെ വിധിന്യായത്തിലെയും നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3246/2023/GEDN തീയതി,തിരുവനന്തപുരം, 03-06-2023

---

പരാമർശം:-

1. ശ്രീമതി.ബസി ജോർജ്ജ്.എൻ - ന്റെ 28.02.2022 ലെ ഹർജി (എക്സിബിറ്റ് പി11)
2. ശാസ്താംകോട്ട മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിലെ സസ്പെൻഷനിലായ പ്രധാനാദ്ധ്യാപിക ശ്രീമതി.ബസി ജോർജ്ജ്.എൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22901/2022-ലെ 27.07.2022 ലെ വിധിന്യായം
3. ശാസ്താംകോട്ട മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.30841/2022-ലെ 28.09.2022 -ലെ വിധിന്യായം

4 കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30.07.2022 ലെ ബി6/687/2022 നമ്പർ കത്ത്

5 കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.11.2022 ലെ DDEKLM/680/2022-B4 നമ്പർ കത്ത്

6 കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് ഇൻസ്പെക്ടറുടെ 02.12.2022 ലെ പി.ഇ-08/2022/കൊല്ലം നമ്പർ കത്ത്

**ഉത്തരവ്**

ശാസ്താംകോട്ട മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിലെ സസ്പെൻഷനിലായ പ്രധാനാദ്ധ്യാപിക

ശ്രീമതി.ബസി ജോർജ്ജ്.എൻ. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22901/2022-ലെ 27.07.2022 ലെ വിധിന്യായത്തിലെയും, സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.30841/2022-ലെ 28.09.2022 -ലെ വിധിന്യായത്തിലെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 20.12.2022-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) ഹർജിക്കാരിയായ ശ്രീമതി.ബസി ജോർജ്ജിന്റെ വാദങ്ങൾ താഴെ പറയുന്നു:-

"കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിൽപ്പെടുന്ന ശാസ്താംകോട്ട മുതുപിലാക്കാട് സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിൽ പ്രധാനാദ്ധ്യാപികയായി തുടരവെ, സ്കൂളിലെ നൂൺമീൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ശാസ്താംകോട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ നൂൺമീൽ ഓഫീസർ 6.12.2021-ൽ സ്കൂൾ സന്ദർശിക്കുകയും ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട അറ്റൻൻസ് രജിസ്റ്റർ, കൺസോളിഡേറ്റഡ് അറ്റൻൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല എന്നും 2021 നവംബർ മുതൽ ഉച്ചഭക്ഷണം നൽകുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ ഗുരുതരമായ വീഴ്ച പറ്റിയിട്ടുണ്ടെന്നും സ്കൂൾ സന്ദർശക ഡയറിയിൽ രേഖപ്പെടുത്തുകയുണ്ടായി. ആയതിന്മേൽ 15.12.2021-ലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ കാരണം കാണിക്കൽ നോട്ടീസ് ടിയാളോട് ആവശ്യപ്പെടുകയും, താഴെ പറയുന്ന വിശദീകരണം ശ്രീമതി.ബസി ജോർജ്ജ് നൽകുകയും ചെയ്തിരുന്നു:

ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയ കോവിഡ് 19 മഹാമാരിയെ തുടർന്ന് കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്ന 2020-21 അക്കാദമിക വർഷത്തിൽ സ്കൂളുകൾ റഗുലർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നില്ല. ഈ കാലയളവിൽ നൂൺമീൽ വിതരണത്തിനുള്ള ഭക്ഷണപദാർത്ഥങ്ങൾ കുട്ടികളുടെ രക്ഷിതാക്കൾ സ്കൂളിലെത്തി ഒപ്പ് രേഖപ്പെടുത്തി കിറ്റുകളായി സ്വീകരിക്കുകയാണുണ്ടായത്. 2021-22 അക്കാദമിക വർഷത്തിൽ ഒക്ടോബർ 31 വരെയും ഈ സ്ഥിതി തന്നെയാണ് തുടർന്നു വന്നിരുന്നത്. നവംബർ 1 മുതൽ, 5 മുതൽ 7 വരെയുള്ള സ്റ്റാൻഡേർഡുകളും 10-ാം സ്റ്റാൻഡേർഡിലെയും കുട്ടികൾക്കായി ഭാഗികമായി റഗുലർ ക്ലാസ്സുകൾ ഉച്ച വരെ മാത്രം ആരംഭിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്റ്റാൻഡേർഡുകളിലെ കുട്ടികൾ നിർബന്ധമായും സ്കൂളിൽ വരേണ്ടതില്ലായിരുന്നു. 8-ാം സ്റ്റാൻഡേർഡിലെ കുട്ടികൾക്ക് റഗുലർ ക്ലാസ്സുകൾ തുടങ്ങിയത് നവംബർ

പകുതിയോടുകൂടിയായിരുന്നു.

ഇതിനിടയിൽ 2 0 2 1 നവംബർ മുതൽ സ്കൂളുകൾ ഭാഗികമായി പ്രവർത്തിക്കുന്നതിന് മുന്നോടിയായി ഉച്ചഭക്ഷണം നവംബർ 1-ാം തീയതി മുതൽ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു. ഡോ.സി.റ്റി ഈപ്പൻ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിൽ 5,6,7,8 സ്റ്റാൻഡേർഡുകളിലായി ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം 129 ആയിരുന്നു. എന്നാൽ സ്കൂൾ പ്രവർത്തനം ഉച്ചവരെ മാത്രം ആയിരുന്നതിനാൽ ഏതാനും കുട്ടികൾ മാത്രമേ സ്കൂളിൽ ഹാജരായിരുന്നുള്ളൂ. ഇവരാരും തന്നെ കോവിഡ് കാരണം ഉച്ചഭക്ഷണം ലഭിക്കുന്നതിന് താൽപര്യമില്ലാത്തവരുമായിരുന്നു. എന്നാൽ അവർക്ക് ലഭിക്കേണ്ടതായ അരിയുടെ വിഹിതം FSA പദ്ധതി പ്രകാരം സ്കൂളിൽ ലഭിച്ചിരുന്ന 553 കിലോഗ്രാം അരിയിൽ നിന്നും കുറവു വരുത്തി അവരുടെ രക്ഷിതാക്കളെ ഏൽപ്പിക്കുന്നതിനായി കരുതിവെച്ചിരിക്കുകയായിരുന്നു. ആയതിനാൽ രക്ഷിതാക്കൾ വരുമ്പോൾ തന്നെ കൊടുക്കുന്നതിനുവേണ്ടി കണക്കിൽ കുറവു വരുത്തിയെങ്കിലും അരിയുടെ സ്റ്റോക്ക് സ്കൂളിൽ തന്നെ ലഭ്യമായിരുന്നു. രക്ഷിതാക്കൾ ഏത് സമയത്ത് വന്നാലും അവരുടെ അരിയുടെ വിഹിതം നൽകുക എന്ന സദുദ്ദേശത്തോടെയാണ് സ്റ്റോക്കിലെ കണക്കിൽ കുറവ് വരുത്തി അരി സ്കൂളിൽതന്നെ സൂക്ഷിച്ചിരുന്നത്. ആയതിനാൽ ഈ വിഷയത്തിൽ അവിഹിതമായി ഒന്നും തന്നെ സംഭവിച്ചിട്ടില്ലാത്തതാണ്. അരിയുടെ യഥാർത്ഥ സ്റ്റോക്കും സ്കൂളിൽ സൂക്ഷിച്ചിരുന്ന അരിയുടെ സ്റ്റോക്കിൽ കുറവു വരുത്തിയ പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന കാരണത്താലാണ് ശ്രീമതി.ബസി ജോർജ്ജിന്റെ മേൽ അന്വേഷണത്തിൽ അപാകതകൾ കണ്ടെത്തിയത്.

ആയതിനാൽ അരിയുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടില്ലാത്തതും അന്നന്ന് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടിയിരുന്ന അരിയുടെ വിഹിതം രക്ഷിതാക്കൾക്ക് എപ്പോൾ വേണമെങ്കിലും ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടെ കണക്കിൽ കുറവു വരുത്തിയതിന്റെയും സാഹചര്യത്തിലാണ് നൂൺമീൽ നടത്തിപ്പുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിൽ എനിക്കെതിരെ യാഥാർത്ഥ്യത്തിന് നിരക്കാത്ത നിഗമനങ്ങളിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ എത്തിയത്.

ഈ വിഷയത്തിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ കാരണം കാണിക്കൽ

നോട്ടീസിന് ടിയാരി 18.12.2021-ൽ വിശദീകരണം നൽകിയിരുന്നു. തുടർന്ന് ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ടിന്മേൽ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയത്തിൽ വകുപ്പ് തലത്തിലുള്ള നടപടികൾ തുടർന്നുവരവെ സ്കൂൾ മാനേജർ ടിയാളെ 4.2.2022-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും 1 5 ദിവസ കാലയളവിലേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

സസ്പെൻഷന് ആധാരമായ കാരണങ്ങളിന്മേൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എ യിലെ ചട്ടം 67 (8) പ്രകാരം 14.02.2022-ൽ പ്രാഥമിക അന്വേഷണം നടത്തുകയും സസ്പെൻഷൻ കാലയളവ് 1 5 ദിവസത്തിലകം ദീർഘിപ്പിച്ച് മാനേജർ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നൂൺമീൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെ ഭാഗത്തുനിന്നും ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും കുട്ടികൾക്കും രക്ഷിതാക്കൾക്കും ഗുണകരമായ രീതിയിലാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയിരുന്നത് എന്ന കാരണത്താലും അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് സർക്കാരിൽ നിന്നും പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു."

3 ) മുതുപിലാക്കാട് ഡോക്ടർ സി. ടി. ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂൾ മാനേജരുടെ സ്റ്റേറ്റ്മെന്റ് താഴെ കൊടുക്കുന്നു:-

"ഡോക്ടർ സി. ടി. ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളിലെ പ്രഥമ അധ്യാപികയായി ജോലി ചെയ്തിരുന്ന ശ്രീമതി.ബസ്സി ജോർജ്.എൻ., കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി നടത്തുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, നൂൺ മീൽ ഓഫീസർ എന്നിവർ സ്കൂൾ സന്ദർശിച്ച് പ്രഥമ അധ്യാപികയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും ഉപഡയറക്ടർ 02.02.2022ന് നൽകിയ ഉത്തരവു പ്രകാരം ശ്രീമതി

ബസ്സി ജോർജിനെ സർവ്വീസിൽ നിന്ന് അന്വേഷണ വിധേയമായി 15 ദിവസത്തേക്ക് 04.02.2022 മുതൽ സസ്പെന്റ് ചെയ്യുകയും, തുടർന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, ശാസ്താംകോട്ട ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെയും സാന്നിധ്യത്തിൽ നടന്ന അന്വേഷണത്തിൽ 2 0 2 1 നവംബർ 1 മുതൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാതിരുന്നതിന് ശ്രീമതി.ബസ്സി ജോർജ്.എൻ. നൽകിയ വിശദീകരണം തൃപ്തികരമല്ല എന്ന് വിലയിരുത്തുകയും ഉച്ചഭക്ഷണ പദ്ധതി നിർവഹണ കാര്യത്തിൽ ശ്രീമതി.ബസ്സി ജോർജ് എൻ. -ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.02.2022-ലെ ഉത്തരവു പ്രകാരം മാനേജർ ടിയാരിയുടെ വേലവിലക്കിയ നടപടി അംഗീകരിക്കുകയും സസ്പെൻഷൻ 1 5 ദിവസത്തിൽ അധികരിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതും ഇപ്പോൾ ശ്രീമതി.ബസ്സി ജോർജ്.എൻ. സസ്പെൻഷനിൽ തുടരുകയുമാണ്.

04.02.2022ൽ ശ്രീമതി.ബസ്സി ജോർജ്.എൻ. എന്ന പ്രഥമ അധ്യാപികയെ സസ്പെന്റ് ചെയ്തതിനെ തുടർന്ന് ഈ സ്കൂളിലെ സീനിയർ അധ്യാപികയായ ശ്രീമതി.സുജ മറിയം ജോർജിനെ ടീച്ചർ ഇൻ-ചാർജായി നിയമിച്ചിട്ടുള്ളതാകുന്നു. എന്നാൽ ബസി ജോർജ് ഈ സ്കൂളിൽ അധ്യാപികയായി ജോലിയിൽ പ്രവേശിച്ചതിനു ശേഷം ഇപ്പോൾ മൂന്നാം തവണയാണ് അച്ചടക്ക നടപടി നേരിടുന്നത്. മുൻ സസ്പെൻഷൻ കാലയളവുകളിൽ ചെയ്തതുപോലെ സ്കൂൾ ഓഫീസിന്റെ താക്കോലുകളും മറ്റ് ഔദ്യോഗിക രേഖകളും കൃത്യമായി കൈമാറാതെ മാറി നടക്കുകയും, ടെലിഫോൺ അറ്റൻഡ് ചെയ്യാതെയും, ഓഫീസ് അറ്റൻഡർമാരെ അവരുടെ താമസസ്ഥലത്ത് അയച്ചിട്ടും പ്രതികരിക്കാതെയും ഇരുന്ന സാഹചര്യത്തിലും 08.02.2022ൽ എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ അഡ്മിഷൻ രജിസ്റ്റർ എ.ലിസ്റ്റുമായി ഒത്തു നോക്കേണ്ടുന്ന സാഹചര്യം വന്നപ്പോൾ അന്ന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.സുരേഷ് ബാബു അവർകളെ ബന്ധപ്പെടുകയും "നിയമപരമായി നിങ്ങൾ നീങ്ങിക്കൊള്ളൂ" എന്ന നിർദ്ദേശത്തെ തുടർന്ന് ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും സർക്കിൾ ഇൻസ്പെക്ടറുടെ നിർദ്ദേശപ്രകാരം 08.02.2022 1.30 pm ന് വീഡിയോയിൽ പകർത്തി സ്കൂൾ ഓഫീസും അലമാരകളും ബ്രേക്ക് ഓപ്പൺ ചെയ്തു ഹെഡ്മിസ്ട്രസിന്റെ ചുമതല സീനിയർ അസിസ്റ്റന്റ് ആയ

സുജ മറിയം ജോർജ് ടീച്ചറെ ഏൽപ്പിച്ചിട്ടുള്ളതും അന്നു തന്നെ ബ്രേക്ക് ഓപ്പൺ ചെയ്ത നടപടികൾ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാകുന്നു.

ശ്രീമതി.സുജ മറിയം ജോർജ് ടീച്ചർ ഇൻ ചാർജായി ചുമതല എടുത്തതിനു ശേഷം സ്കൂൾ രേഖകൾ പരിശോധിച്ചപ്പോൾ 2019-20ലും 2020-21ലും സ്കൂൾ യൂണിഫോമിന് സർക്കാരിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നും അത് യഥാക്രമം ക്യാഷ് ബുക്കിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതായും എന്നാൽ സ്കൂൾ യൂണിഫോം ഈ കാലയളവിൽ വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യം മാനേജരേയും വിദ്യാഭ്യാസ വകുപ്പ് അധികാരികളെയും സർക്കാരിനെയും വിജിലൻസ് അധികാരികളെയും രേഖാമൂലം അറിയിക്കുകയും ചെയ്തു. കുട്ടികൾക്കുള്ള സ്കൂൾ യൂണിഫോമിനായി 2019-20 വർഷത്തേക്ക് സർക്കാർ അനുവദിച്ചതും സ്കൂൾ ഹെഡ്മിസ്ട്രസിന്റെ പേരിലുള്ള ശാസ്താംകോട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉള്ള അക്കൗണ്ട് നമ്പർ 6708359694ൽ നിക്ഷേപിച്ചിരുന്ന 23,000/- രൂപ രണ്ട് ക്യാഷ് ചെക്കുകൾ മൂലം പിൻവലിച്ചിട്ടുള്ളതാകുന്നു. (ചെക്ക് നമ്പർ 979498 പ്രകാരം 8,510/-, ചെക്ക് നമ്പർ 979489 പ്രകാരം 14,490/-) അതുപോലെ 2020-21 വർഷത്തെ സ്കൂൾ യൂണിഫോമിനായി അനുവദിച്ച 76,608/- രൂപ 4.3.2021ലെ ക്യാഷ് ചെക്ക് നമ്പർ 151151 പ്രകാരം പിൻവലിച്ചതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക യൂണിഫോമിനായി വിനിയോഗിക്കുകയോ, ഒരു ജോഡി യൂണിഫോം പോലും വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. 2019-20 വർഷം സ്കൂൾ ഇക്കോ ക്ലബ് പ്രവർത്തനത്തിനായി അനുവദിച്ച 5000/- രൂപയും ബയോഡൈവേഴ്സിറ്റി പാർക്കിന് അനുവദിച്ച 10000/- രൂപയും സർക്കാർ അക്കൗണ്ടിൽ നിന്ന് പിൻവലിക്കുകയും ക്യാഷ് ബുക്കിൽ ചെലവിട്ടതായി രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ഈ പദ്ധതികളൊന്നും സ്കൂളിൽ നടപ്പിലാക്കുകയോ ഫണ്ട് വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. ചുരുക്കത്തിൽ 1,14,608/- രൂപ സർക്കാർ ഫണ്ടായി സ്കൂളിന് അനുവദിച്ചത് അനധികൃതമായി പിൻവലിച്ച് അതാത് കാര്യങ്ങൾക്ക് വിനിയോഗിക്കാതെ തിരിമറി നടത്തിയിരിക്കുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ആർട്ടിക്കിൾ 305(a) കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് പ്രകാരം പരാതി സമർപ്പിക്കുകയും വിജിലൻസിന്റെ കൊല്ലം Dysp PE

**No.8/2022/KLM/V&ACB** പ്രകാരം **10.8.2022**ൽ അന്വേഷണം നടത്തിയിട്ടുള്ളതും അതിന്റെ റിപ്പോർട്ട് കാത്തിരിക്കുന്നതും ആണ്.

**04.02.2022** മുതൽ സസ്പെൻഷനിൽ കഴിയുന്ന സ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീമതി.ബസ്സി ജോർജിനെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന്റെ ഭാഗമായി കെ.ഇ.ആർ അധ്യായം **XIV A** റൂൾ 7 5 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ വിശദീകരണപത്രികയും **07.03.2022**ൽ നൽകുകയും അതിന് അവർ **16.03.2022**തീയതി വച്ച് പ്രതിവാദ പത്രിക സമർപ്പിക്കുകയും അവരെ നേരിൽ കേൾക്കണമെന്ന് അപേക്ഷിച്ചതനുസരിച്ച് **04.04.2022** ൽ അവരെ നേരിൽ കേൾക്കുകയും ചെയ്തു. പ്രതിവാദ പത്രികയിൽ അവർ പറഞ്ഞിരിക്കുന്നത് ആവർത്തിച്ചതല്ലാതെ മറ്റൊന്നും ബോധിപ്പിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയും ചെയ്തു. തുടർന്ന് കെ.ഇ.ആർ, അധ്യായം **XIV A** റൂൾ 7 5 നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഫോർമൽ സ്റ്റാറ്റ്യൂട്ടറി എൻക്വയറി നടത്തുന്നതിന് ഒരു എൻക്വയറി അതോറിറ്റിയെ നിയമിക്കണമെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറോട് **05.04.2022**ൽ ആവശ്യപ്പെടുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അദ്ദേഹത്തിന്റെ **09.05.2022**ലെ **B4/680/2022**എന്ന ഉത്തരവു പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ എൻക്വയറി അതോറിറ്റി ഓഫീസറായി നിയമിക്കുകയും ടി അതോറിറ്റി **14.07.2022** പ്രസ്തുത അന്വേഷണം നടത്തുകയും പ്രസ്തുത എൻക്വയറി റിപ്പോർട്ട് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ദേഹത്തിന്റെ **B6/687/2022** തീയതി **30.07.2022** എന്ന രേഖ പ്രകാരം **15.09.2022** ൽ (അതായത് 4 5 ദിവസം വൈകിച്ച്) അയച്ചുതരികയും ഉണ്ടായി. **30.07.2022**-ലെ പ്രസ്തുത എൻക്വയറി റിപ്പോർട്ട് അങ്ങേയറ്റം പക്ഷപാതപരവും കുറ്റാരോപിതയായ ഹെഡ്മിസ്ട്രസിനെ കുറ്റവിമുക്തയാക്കുന്നതിനായി അവരുമായി ചേർന്ന് ഗൂഢാലോചന നടത്തി പ്രസ്തുത ശ്രീമതി.ബസ്സി ജോർജ്.എൻ. നൽകിയ പ്രതിവാദപത്രിക എൻക്വയറി റിപ്പോർട്ട് ആക്കി മാറ്റി അയച്ചുതരികയും ആണ് യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നത്.

**04.02.2022** മുതൽ സസ്പെൻഷനിൽ കഴിയുന്ന പ്രഥമ അധ്യാപികയായ ശ്രീമതി.ബസ്സി ജോർജ്.എൻ. എന്ന ആളെ അവരുടെ സസ്പെൻഷൻ റദ്ദാക്കി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചാൽ ഔദ്യോഗിക രേഖകളിൽ തിരിമറി നടത്താനും സാക്ഷികളെ സ്വാധീനിക്കാനുമുള്ള അവസരം അവർക്ക് ലഭിക്കും. നീതിപൂർവ്വമുള്ള വിജിലൻസ് അന്വേഷണത്തെ അത് പ്രതികൂലമായി

ബാധിക്കുകയും കുറ്റാരോപിതമായ സസ്പെൻഷനിൽ കഴിയുന്ന പ്രഥമ അധ്യാപിക ശ്രീമതി.ബസ്സി ജോർജിനെ പണാപഹരണം ഉൾപ്പെടെയുള്ള ഗുരുതരമായ കുറ്റാരോപണത്തിൽ നിന്നും തടിതപ്പാൻ ഇടവരുത്തുകയും ചെയ്യും. അതുകൊണ്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ **PE 8/2022 KLM (V&A.C.P)** അന്വേഷണത്തിൻമേൽ നടപടികൾ സ്വീകരിക്കുന്നത് വരെ യാതൊരു കാരണവശാലും ശ്രീമതി.ബസ്സി ജോർജിനെ പ്രധാനാധ്യാപികയായി സർവ്വീസിൽ സസ്പെൻഷൻ റദ്ദാക്കി പുനഃപ്രവേശിപ്പിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ശ്രീമതി.ബസ്സി ജോർജ്.എൻ. എന്ന സസ്പെൻഷനിൽ കഴിയുന്ന പ്രഥമ അധ്യാപികയുടെ സസ്പെൻഷൻ റദ്ദാക്കി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നത് സംബന്ധിച്ച അപേക്ഷ നിരസിക്കണമെന്നും **30.7.2022**-ലെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ചീഫ് വിജിലൻസ് ഓഫീസറായ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറെ (വിജിലൻസ്) പുതിയ വകുപ്പുതല അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കണമെന്നും സ്കൂൾ മാനേജർ ആവശ്യപ്പെടുന്നു.”

**4 )** ടീച്ചർ ഇൻ ചാർജ്ജ് ശ്രീമതി.സുജ മറിയം ജോർജ്ജിന്റെ വാദങ്ങൾ താഴെ കൊടുക്കുന്നു:-

"പ്രഥമാധ്യാപികയായ ശ്രീമതി.ബസ്സി ജോർജ്ജിനെ **04.02.2022** നു അന്വേഷണവിധേയമായി സസ്പെന്റുചെയ്ത ഒഴിവിൽ **04.02.2022**-ലെ സ്കൂൾ മാനേജരുടെ ഉത്തരവു പ്രകാരം ശ്രീമതി.സുജ മറിയം ജോർജ്ജിനെ ടീച്ചർ ഇൻ ചാർജ്ജ് നിയമിച്ചു. **17.02.2022** മുതൽ ശ്രീമതി.ബസ്സി ജോർജ്ജിന്റെ സസ്പെൻഷൻ ഡി.ഇ.ഒ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സസ്പെൻഷൻ നീട്ടുകയും ശ്രീമതി.സുജ മറിയം ജോർജ്ജിനെ താല്കാലികമായി വീണ്ടും മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയയൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളിൽ ടീച്ചർ ഇൻ ചാർജ്ജ് ആയി നിയമിച്ചു. ടി നിയമനം ബഹു.കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ **16.3.2022**ലെ ബി**6-687-2022**-കെ.ഡിസ് ഉത്തരവു പ്രകാരം അംഗീകരിച്ചു.

**04.2.2022** നു സസ്പെൻഷനിലായ ശ്രീമതി.ബസ്സി ജോർജ്.എൻ. പ്രഥമാധ്യാപികയെന്ന നിലയിൽ സ്ഥനമൊഴിഞ്ഞപ്പോൾ സ്കൂൾ മെയിൽ, സ്പാർക്ക്,

**BIMS**,സ്കോളർഷിപ്പ് മുതലായ ഡിജിറ്റൽ സൗകര്യങ്ങളുടെ യൂസർ നെയിം, പാസ്വേർഡ്, സ്കൂൾ സീൽ, നൂൺമീൽ, **LSS,USS** രജിസ്റ്ററുകൾ, സ്കൂളിലെ അലമാരകളുടെയും സ്റ്റോറിന്റെയും താക്കോൽ മുതലായവ ടീച്ചർ ഇൻ ചാർജ്ജ് എന്ന നിലയിൽ **07.02.2022**ന് ശ്രീമതി.ബസി ജോർജ്ജിനു ആഫീസ് സ്റ്റാഫ് വഴി കത്തു നൽകി. **07.02.2022**നു ശ്രീമതി.ബസ്സി ജോർജ്ജിനോട് ആവശ്യപ്പെട്ട ടി സംഗതികൾ നൽകാൻ ടിയാരി കൂട്ടാക്കിയില്ല. സ്കൂൾ പ്രവർത്തനം സുഗമമായി നടത്താൻ സാധിക്കാതെ വന്നപ്പോൾ **19.2.2022**നു മേൽപറഞ്ഞ സംഗതികൾ ലഭ്യമാക്കാത്തതിനാൽ അവ വീണ്ടും ആവശ്യപ്പെട്ടുകൊണ്ട് മറ്റൊരു കത്ത് ആഫീസ് സ്റ്റാഫ് മുഖേനയും രജിസ്ട്രേഡ് പോസ്റ്റായും ശ്രീമതി.ബസ്സി ജോർജ്ജിനു നൽകി. വേലവിലക്കിലായ പ്രഥമാധ്യാപിക മേൽ സംഗതികൾ കൈമാറാത്തതുകാരണം ടി സ്കൂളിലെ ടീച്ചർ ഇൻ ചാർജ്ജ് എന്ന നിലയിൽ ഔദ്യോഗിക കർത്തവ്യമായ സ്കൂൾ പ്രവർത്തനം സർക്കാർ നിർദ്ദേശങ്ങളും, വിദ്യാഭ്യാസ നിയമ വ്യവസ്ഥകളനുസരിച്ചു നടത്താൻ സാധിക്കാതെ വന്നു. ടി നിസ്സഹായത സംബന്ധിച്ച വിവരങ്ങൾ മാനേജരെയും സ്ഥലം പോലീസിനെയും അറിയിക്കുകയുണ്ടായി. അതിനുശേഷം മാനേജർ ഇടപെട്ടു മുറികളുടെയും അലമാരകളുടെയും പൂട്ടുപൊളിച്ചാണ് ആഫീസ് പ്രവർത്തനം ആരംഭിക്കാനായത്."

5) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് താഴെ കൊടുക്കുന്നു:-

"കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള ശാസ്താംകോട്ട ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ ആർ.എച്ച്.എസ്.എസ് ലെ പ്രഥമാദ്ധ്യാപിക ശ്രീമതി.ബസ്സി ജോർജ്ജിനെ **04.02.2022** മുതൽ മാനേജർ വേലവിലക്ക് ഏർപ്പെടുത്തുകയും വേലവിലക്ക് **15** ദിവസത്തിൽ അധികരിപ്പിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അനുമതി നൽകിയും ഉത്തരവായിരുന്നു. കുറ്റാരോപണങ്ങൾ അന്വേഷിക്കുന്നതിന് വേണ്ടിയുള്ള ഫോർമൽ എൻക്വയറി നടത്തുന്നതിലേക്കായി വിദ്യാഭ്യാസ ഉപഡയറക്ടർ **09.05.2022**ലെ ബി**4/680/22** ഉത്തരവ് പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയതിൻ പ്രകാരം ശാസ്താംകോട്ട ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ ആർ.എച്ച്.എസ്. മാനേജർക്ക് അച്ചടക്ക നടപടി സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കാൻ കത്ത് നൽകിയതിനെ തുടർന്ന് ടി രേഖകൾ **03.06.2022**ൽ ഹാജരാക്കുകയുണ്ടായി. തുടർന്ന് **14.07.2022**ൽ അന്വേഷണം നടത്തുകയുണ്ടായി.

കുറ്റാരോപണ പത്രികയിൽ ഒന്നാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് ടി സ്കൂളിലെ ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളാണ്. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി.ബസ്സി ജോർജിനെതിരായി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് ശ്രീമതി.ബസ്സി ജോർജിനെ 04.02.22 തീയതി മുതൽ മാനേജർ വേലവിലക്കിൽ നിർത്തിയിട്ടുള്ളതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ 14.2.22ന് സ്കൂളിൽ നേരിട്ടെത്തി നടത്തിയ അന്വേഷണത്തിൽ 2022 നവംബർ 1 മുതൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാതിരുന്നതിന് ശ്രീമതി.ബസ്സി ജോർജിന്റെ വിശദീകരണം തൃപ്തികരമല്ലെന്നും സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നിർവ്വഹണ കാര്യത്തിൽ ശ്രീമതി.ബസ്സി ജോർജിന് വീഴ്ച സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തലുകളിൽ കവിഞ്ഞ് ഉച്ചഭക്ഷണ പദ്ധതി നിർവ്വഹണം സംബന്ധിച്ച കുറ്റാരോപണത്തിൻമേൽ കൂടുതലൊന്നും ഈ അന്വേഷണത്തിലും കണ്ടെത്താനായില്ല.

സ്കൂൾ യൂണിഫോം, ഇക്കോ ക്ലബ്, ബയോഡൈവേഴ്സിറ്റി പാർക്ക് എന്നിവയ്ക്കായി സർക്കാർ അനുവദിച്ച 114608/- രൂപ വിനിയോഗിക്കാത്തതാണ് രണ്ടാമത്തെ കുറ്റാരോപണം. ടി കുറ്റാരോപണത്തെ സംബന്ധിച്ച് വിശദമായി അന്വേഷിക്കുകയുണ്ടായി. ഇവയുടെ വിനിയോഗം സംബന്ധിച്ചുള്ള ബില്ലുകളുടെയും വൗച്ചറുകളുടെയും പകർപ്പുകൾ ശ്രീമതി ബസ്സി ജോർജ് ഹാജരാക്കുകയും ടി ഫണ്ടുകളെല്ലാം തന്നെ വിനിയോഗിച്ചിട്ടുള്ളതായി വാദിക്കുകയുമുണ്ടായി. അസൽ ബില്ലുകളും വിനിയോഗം സംബന്ധിച്ച രജിസ്റ്ററുകളും സ്കൂളിൽ തന്നെ സൂക്ഷിച്ചിരുന്നതായും തന്റെ സസ്പെൻഷനെ തുടർന്ന് മാനേജരുടെ പ്രതിനിധിയായ ശ്രീ.എബ്രഹാം വർഗീസും ടീച്ചർ ഇൻ ചാർജ്ജായ ശ്രീമതി.സുജാ മറിയം ജോർജും ചേർന്ന് സ്കൂളിലെ അലമാരകൾ കുത്തിത്തുറന്ന് സ്കൂൾ രേഖകളും രജിസ്റ്ററും അനധികൃതമായി കൈക്കലാക്കിയതായും ശ്രീമതി.ബസ്സി ജോർജ്.എൻ. വാദിച്ചു. വകുപ്പ് തലത്തിലുള്ള അനുമതിയോ, പോലീസ് അനുമതിയോ മഹസ്സറോ കൂടാതെയാണ് അലമാര പൊളിച്ചതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു. സർക്കാർ ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മുൻകാല രജിസ്റ്ററുകൾ ആവശ്യപ്പെട്ടിട്ടും അവയൊന്നും തന്നെ ഹാജരാക്കാൻ ടീച്ചർ ഇൻ ചാർജായ ശ്രീമതി.സുജ മറിയം

ജോർജിന് സാധിച്ചില്ല. ഇതിൽ നിന്നും അലമാര തുറന്നതുമായി ബന്ധപ്പെട്ട ശ്രീമതി.ബസ്സി ജോർജിന്റെ വാദഗതിയിൽ കഴമ്പുള്ളതായി ബോധ്യപ്പെട്ടു. യൂണിഫോം ലഭിക്കാത്തതായി ആരെങ്കിലും പരാതി നൽകുകയോ പറയുകയോ ചെയ്തിട്ടുണ്ടോയെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ചോദ്യത്തിന് മാനേജരുടെ സാക്ഷികളായി വിസ്തരിച്ച രണ്ട് പേരും 'ഇല്ല' എന്നാണ് മറുപടി നൽകിയത്.

കുട്ടികൾക്ക് ലഭ്യമാകേണ്ട വിവിധ സ്കോളർഷിപ്പുകൾ വാങ്ങി നൽകുന്നില്ലായെന്നാണ് മൂന്നാമത്തെ കുറ്റാരോപണമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഏതെങ്കിലും രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ടോയെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ചോദ്യത്തിന് 'ഇല്ല' എന്നാണ് മാനേജരുടെ ഭാഗത്ത് നിന്നുള്ള രണ്ട് സാക്ഷികളും മൊഴി നൽകിയിട്ടുള്ളത്. മാത്രവുമല്ല ഇത് സംബന്ധിച്ച പരാതികൾ ഒന്നു തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസിലും ലഭ്യമായിട്ടില്ലായിരുന്നു. ഈ ആരോപണം തെളിയിക്കുന്നതിലേക്കായുള്ള രേഖകളോ മറ്റു സാക്ഷികളെയോ മാനേജർ ഹാജരാക്കിയിരുന്നില്ല.

തന്നിഷ്ടം പോലെ സ്കൂളിൽ വരുന്നതും പോകുന്നതും ഹാജർ പുസ്തകം സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് നാലാമത്തെ കുറ്റാരോപണമായി ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ പ്രഥമാദ്ധ്യാപിക എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി മറ്റ് ഓഫീസുകളിൽ പോകേണ്ടിവരാറുണ്ടെന്നും അങ്ങനെ പോകുമ്പോൾ താൽക്കാലികമായി ചാർജ് നൽകാറില്ലെന്നും ശ്രീമതി.ബസ്സി ജോർജ്.എൻ. ബോധിപ്പിക്കുകയുണ്ടായി. ചട്ടപ്രകാരം ഹാജർ പുസ്തകം പ്രഥമാദ്ധ്യാപിക തന്നെയാണ് പരിപാലിക്കേണ്ടത്.

സ്കീം ഓഫ് വർക്ക്, ടീച്ചിംഗ് നോട്ട് തുടങ്ങിയ അക്കാദമിക കാര്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നില്ലായെന്നതാണ് 6 മുതൽ 9 വരെയുള്ള കുറ്റാരോപണങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കൂളിലെ അക്കാദമികമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് ഇക്കാര്യങ്ങൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഈ പരിശോധനാ റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് പരാമർശമുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടില്ല. മാത്രവുമല്ല ഈ കുറ്റങ്ങൾ തെളിയിക്കുന്നതിനാവശ്യമായ രേഖകളോ സാക്ഷികളെയോ

മാനേജർ ഹാജരാക്കിയിരുന്നില്ല.

ആറാം സാധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ മാനേജർക്ക് നൽകാത്തത് സംബന്ധിച്ചാണ് പത്താമത്തെ കുറ്റാരോപണം. സ്കൂളിലെ തസ്തിക നിർണ്ണയവും നിയമനവും സംബന്ധിച്ചുള്ള പോർട്ടലായ സമന്വയയിൽ മാനേജർക്ക് ലോഗിൻ സൗകര്യം ഉണ്ട്. കൊറോണ വൈറസ് പ്രതിരോധിക്കുന്നതിലേക്കായി സ്കൂൾ കുട്ടികൾക്ക് നൽകുന്നതിന് ലഭിച്ച സാനിറ്റൈസറുകൾ കുട്ടികൾക്ക് നൽകാത്തതാണ് പതിനൊന്നാമത്തെ കുറ്റാരോപണം. കുട്ടികൾക്ക് നൽകാതെ സാനിറ്റൈസറുകൾ സ്കൂളിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചില്ല.

വേലവിലക്കിൽ ആയ സമയത്ത് ഓഫീസ് താക്കോൽ കൈമാറാത്തത് സംബന്ധിച്ചുള്ളതാണ് 12-ാമത്തെ കുറ്റാരോപണം. ഫെബ്രുവരി 2 മുതൽ ശ്രീമതി.ബസ്സി ജോർജ് സ്കൂളിൽ ഹാജരായിരുന്നില്ല. അതിനാൽ 4-ാം തീയതിയാണ് മാനേജർ ടിയാരിയെ സസ്പെന്റ് ചെയ്തതെന്നും അന്ന് തന്നെ ശ്രീമതി.സുജ മറിയം ജോർജ് ചാർജ്ജ് ഏറ്റെടുത്തതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. സുഖമില്ലാതെ സ്കൂളിൽ ഹാജരാകാതിരുന്നതിനാലാണ് താക്കോലുകൾ കൈമാറാൻ കഴിയാതിരുന്നതെന്ന് ബസ്സി ജോർജ് വ്യക്തമാക്കുകയുണ്ടായി. ടിയാരി മനഃപൂർവ്വം താക്കോൽ കൈമാറിയില്ല എന്ന നിഗമനത്തിൽ എത്തിച്ചേരാൻ തക്ക തെളിവുകൾ അന്വേഷണത്തിൽ ലഭ്യമായില്ല. താക്കോൽ ലഭ്യമാകാതെ തന്നെ അലമാരകൾ തുറന്നിട്ടുള്ളതായി ബോധ്യപ്പെട്ടു.”

6) ശ്രീമതി.ബസ്സി ജോർജ്ജിനെതിരായ വേലവിലക്കിന്റെ കാര്യത്തിൽ വേലവിലക്ക് കാലയളവ് ആറ് മാസം അധികരിച്ചിട്ടുള്ളതിനാലും, കെ.ഇ.ആർ അധ്യായം XIV എ ചട്ടം 75 പ്രകാരമുള്ള ഫോർമൽ എൻക്വയറി പൂർത്തിയാക്കി അത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നൽകിയിട്ടുള്ളതിനാലും കെ.ഇ.ആർ അധ്യായം X I V എ ചട്ടം 67 (9) പ്രകാരം ടിയാരിക്കെതിരെയുള്ള സസ്പെൻഷൻ നടപടി പുനപരിശോധിക്കാവുന്നതും, ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ തുടർന്നുകൊണ്ട് ടിയാരിയെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകാവുന്നതുമാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീമതി.ബസി ജോർജ്ജിനെതിരെയുള്ള സർക്കാർ ഫണ്ട് ദുരുപയോഗം സംബന്ധിച്ച പരാതിയിലെ ആരോപണങ്ങൾ വിജിലൻസ് അൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കൊല്ലം യൂണിറ്റ് അന്വേഷിച്ചു വരുന്നുണ്ടെന്ന വിവരം കൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

"ശാസ്താംകോട്ട **Dr.C.T.Eapan Memorial Residential Higher Secondary School**-ൽ ശ്രീമതി.ബസ്സി ജോർജ്.എൻ. ഹെഡ്മിസ്ട്രസ് ആയിരുന്ന കാലയളവിൽ **2019-20** അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി സർക്കാർ അനുവദിച്ച **23,000/-** രൂപ, **2020-2021** അദ്ധ്യയന വർഷത്തിൽ ടി ഇനത്തിൽ അനുവദിച്ച **76,608/-** രൂപ എന്നിവ ശ്രീമതി.ബസ്സി ജോർജ്.എൻ. ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക്അക്കൗണ്ടിൽ നിന്നും പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിക്കാതെ കൈവശപ്പെടുത്തി എന്ന ആരോപണത്തെക്കുറിച്ച് പരിശോധിച്ചതിൽ ടി തുകയ്ക്ക് യൂണീഫോം തുണികൾ വാങ്ങിയതിന്റെ ബില്ലുകളുടെ പകർപ്പുകൾ അന്വേഷണമദ്ധ്യേ ശ്രീമതി.ബസ്സി ജോർജ്.എൻ. ഹാജരാക്കിയിട്ടുള്ളതും ടി ബില്ലുകളുടെ അസ്സലും യൂണീഫോം വിതരണം നടത്തിയതിനുള്ള അക്വിറ്റൻസ് രജിസ്റ്ററും സ്കൂളിലെ ഓഫീസ് അലമാരയിൽ പൂട്ടി സൂക്ഷിച്ചിരുന്നുവെന്നും പറഞ്ഞിട്ടുള്ളതാണ്. ടിയാൾ ഹാജരാക്കിത്തന്ന ടി ബില്ലുകളുടെയും വൗച്ചറുകളുടെയും അസ്സലും യൂണീഫോം വിതരണം ചെയ്തത് സംബന്ധിച്ച അക്വിറ്റൻസ് രജിസ്റ്ററും സ്കൂളിലെ ഓഫീസ് അലമാരയിൽ സൂക്ഷിച്ചിരുന്നുവെന്നും എന്നാൽ ടിയാൾ സസ്പെൻഷനിൽ ആയിരിക്കെ സ്കൂൾ മാനേജർ ഇൻ ചാർജ്ജായ ഫാ.എബ്രഹാം വർഗ്ഗീസ്, ടീച്ചർ ഇൻ ചാർജ്ജ് ആയ ശ്രീമതി.സുജാ മറിയം ജോർജ്ജ് എന്നിവർ ടിയാളുടെയോ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യമില്ലാതെ ഓഫീസ് അലമാരകൾ ബ്രേക്ക് ഓപ്പൺ ചെയ്ത് അതിൽ സൂക്ഷിച്ചിരുന്ന റെക്കോർഡുകൾ കൈവശപ്പെടുത്തി എന്ന് പറഞ്ഞിട്ടുള്ളതാണ്. ടി സ്കൂളിൽ **2019-20** വർഷം പഠിച്ചിരുന്ന ഏതാനും വിദ്യാർത്ഥികളുടെ രക്ഷിതാക്കളെയും ടി സ്കൂൾ പരിസരത്തെ ടൈലേഴ്സ് എന്നിവരോടും ചോദിച്ചതിൽ **2019-20** അദ്ധ്യയന വർഷത്തിൽ സ്കൂൾ യൂണീഫോം തുണികൾ സ്കൂളിൽ നിന്നും കൊടുത്തിരുന്നതായി പറഞ്ഞിട്ടുണ്ട്.

**Dr.C.T.Eapen Memorial Higher Secondary School**-ലെയും **Dr.C.T.Eapan Memorial Higher Secondary School** -ലെയും **P T A** ഒന്നിച്ചാണ് നടന്നുവരുന്നത്. ടി **PTA** കമ്മിറ്റിയിൽ ഹയർസെക്കന്ററിയിലെ **4** അദ്ധ്യാപകരും ഹൈസ്കൂളിലെ **3** അദ്ധ്യാപകരും **8** രക്ഷകർത്താക്കളും അംഗങ്ങളാണെന്നും **PTA** മീറ്റിംഗ് കൃത്യമായി നടന്നു വരാറുണ്ടെന്നും എന്നാൽ നാളിതുവരെ ടി കമ്മിറ്റിയുടെ, സാധാരണ മീറ്റിംഗുകളിലോ എക്സിക്യൂട്ടീവ് മീറ്റിംഗുകളിലോ വാർഷിക പൊതുയോഗങ്ങളിലോ **2019-20** അദ്ധ്യയന വർഷത്തിൽ ടി സ്കൂളിൽ നിന്നും യൂണിഫോം വിതരണം നടത്തിയിട്ടില്ല എന്നത് സംബന്ധിച്ച യാതൊരു ആരോപണങ്ങളും ഉന്നയിച്ചിട്ടില്ലാത്തതാണ് എന്ന് അറിവായിട്ടുള്ളതാണ്.

**2019-20** അദ്ധ്യയന വർഷത്തിൽ യൂണിഫോം ലഭിക്കാത്തത് സംബന്ധിച്ച് ടി സ്കൂളിലെ വിദ്യാർത്ഥികളോ രക്ഷിതാക്കളോ പരാതിപ്പെട്ടത് സംബന്ധിച്ച രേഖകളോ തെളിവുകളോ ഒന്നും തന്നെ പരാതികക്ഷി ഹാജരാക്കി തന്നിട്ടില്ല. **2019-20** അദ്ധ്യയന വർഷത്തിൽ യൂണിഫോം തുണി വാങ്ങുന്നതിനായി ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിച്ചിട്ടില്ല എന്നത് സംബന്ധിച്ച് ടി അദ്ധ്യയന വർഷമോ അടുത്ത അദ്ധ്യയന വർഷമോ ഒന്നും തന്നെ ടി സ്കൂൾ മാനേജരോ/വിദ്യാഭ്യാസ അധികൃതരോ ഹെഡ്മിസ്ട്രസ്സിൽ നിന്നും വിശദീകരണം വാങ്ങിയതായി വെളിവാകുന്നില്ല.

ശ്രീമതി.ബസ്സി ജോർജ്.എൻ. സസ്പെൻഷനിലായിരിക്കെ സ്കൂൾ അലമാരകളുടെ താക്കോൽ കൈമാറി നൽകാത്തതിനെ തുടർന്ന് സ്കൂൾ മാനേജർ ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയ ശേഷം ടീച്ചർ ഇൻചാർജ്ജായി നിയമിതയായ ശ്രീമതി.സുജാ മറിയം ജോർജ്ജിന്റെയും, ക്ലാർക്ക് സന്തോഷിന്റെയും ഓഫീസ് അസിസ്റ്റന്റുമാരായ ജോഷി, അരുൺ മിനിസ്റ്റീരിയൽ സ്റ്റാഫ് സൂരജ്, സ്റ്റാഫ് സെക്രട്ടറി ലൂക്കോസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ലോക്കൽ മാനേജർ ഫാ.എബ്രഹാം വർഗ്ഗീസ് ഓഫീസ് അലമാരകൾ ബ്രേക്ക് ഓപ്പൺ ചെയ്യിച്ച് അലമാരയിൽ സൂക്ഷിച്ചിരുന്ന റെക്കോർഡുകൾ എടുത്തിട്ടുള്ളതാണ്. ടി നടപടികൾ വീഡിയോ റെക്കോർഡു ചെയ്തിരുന്നു എന്ന് പരാതിക്കാരൻ പറയുന്നുണ്ടെങ്കിലും ഈ അന്വേഷണ ഘട്ടത്തിൽ അതിന്റെ സി.ഡിയോ മറ്റ് തെളിവുകളോ പരാതികക്ഷി ഹാജരാക്കി തന്നിട്ടില്ലാത്തതാണ്. എന്നാൽ അപ്രകാരം അലമാരകൾ ബ്രേക്ക് ഓപ്പൺ ചെയ്ത സമയം ക്രമപ്രകാരം

ശ്രീമതി.ബസ്സി ജോർജ്.എൻ.-ന്റെയോ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യമോ വകുപ്പുതല അനുമതിയോ കൂടാതെയും ഔദ്യോഗികമായി മഹസ്സർ തയ്യാറാക്കുകയോ സാക്ഷികളെകൊണ്ട് ഒപ്പു വയ്പിക്കുകയോ ചെയ്യാതെയുമാണ് ഓഫീസ് അലമാരകളുടെ പൂട്ട് പൊളിച്ച് അതിലുണ്ടായിരുന്ന വസ്തുക്കൾ എടുത്തിട്ടുള്ളതെന്ന് വെളിവാകുന്നുണ്ട്.

കേരള വിദ്യാഭ്യാസ ആക്ടിലോ ചട്ടങ്ങളിലോ ഒരിടത്തും ലോക്കൽ മാനേജർ എന്ന പദവിയെപ്പറ്റി പരാമർശമില്ല. ടി തസ്തികയ്ക്ക് നിയമസാധുത ഇല്ലാത്തതിനാൽ അവർക്ക് മാനേജരുടെ അധികാരാവകാശങ്ങൾ ഒന്നും തന്നെയില്ലാത്തതാണ്. സ്കൂൾ പ്രഥമാദ്ധ്യാപകന്റെ അധീനതയിലുള്ള രേഖകൾ അവരുടെ അറിവോ സമ്മതമോ കൂടാതെ പൂട്ടു പൊളിച്ചോ അല്ലാതെയോ എടുക്കുന്നതിന് മാനേജർക്ക് യാതൊരു അധികാരാവകാശങ്ങളും ഇല്ലാത്തതാണ് എന്നും വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദഗ്ധോപദേശം ലഭിച്ചിട്ടുള്ളതാണ്.

ടി സ്കൂളിലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി.ബെൻസി തോമസ് 31.12.2019 ൽ വിരമിച്ചതിനെതുടർന്ന് 01.04.2019 മുതൽ ഹെഡ്മിസ്ട്രസ്സിന്റെ താൽക്കാലിക ചുമതല ശ്രീമതി.സുജാ മറിയം ജോർജ്ജിന് മാനേജർ നൽകുകയുണ്ടായി. ഇതിനെതിരെ ശ്രീമതി.ബസ്സി ജോർജ്.എൻ. 11730/19 ആയി ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ടി ഹർജിയുടെ 11.4.2019-ലെ ഉത്തരവിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് പരാതിക്കാരിയെ (ശ്രീമതി.ബസ്സി ജോർജ്.എൻ. ) നേരിൽ കേട്ട് തീരുമാനമെടുക്കുവാൻ ഉത്തരവായിട്ടുള്ളതും തുടർന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാതിക്കാരിയെയും സ്കൂൾ മാനേജരെയും ശ്രീമതി.സുജാ മറിയം ജോർജ്ജിനെയും നേരിൽ കേട്ടശേഷം പ്രഥമാദ്ധ്യാപികയെ നിയമിക്കേണ്ടത് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 4 4 പ്രകാരം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണെന്നും 01.04.2019 ൽ ഒഴിവു വന്ന പ്രഥമാദ്ധ്യാപിക സ്ഥാനത്തിന് ശ്രീമതി.ബസി ജോർജ്ജിനാണ് പൂർണ്ണ യോഗ്യതയുള്ളതെന്നും ഹെഡ്മിസ്ട്രസ്സിന്റെ താൽക്കാലിക ചുമതല ഉണ്ടായിരുന്ന ശ്രീമതി.സുജാ മറിയം ജോർജ്ജ് നിയമനത്തിന് യോഗ്യതയുള്ള വ്യക്തിയല്ലെന്നും ടിയാൾക്ക് താൽക്കാലിക ചുമതല നൽകിയ മാനേജരുടെ പ്രവൃത്തി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 4 4 ന് വിരുദ്ധമാണെന്നും ആയതിനാൽ മാനേജരുടെ ടി പ്രവൃത്തി അസാധുവാക്കി ശ്രീമതി.ബസി ജോർജ്ജിനെ ഹെഡ്മിസ്ട്രസ്സ് ആയി

നിയമിക്കുവാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29.06.2019 തീയതിയിലെ ഉത്തരവ് നമ്പർ ബി6-1680/19/കെ.ഡിസി പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ ഹെഡ്മിസ്ട്രസ്സ് ആയി നിയമിച്ചിട്ടുള്ളതുമാണ്. മാനേജ്മെന്റ് തീരുമാനത്തെ ബഹു.കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് ഹെഡ്മിസ്ട്രസ്സ് ആയി നിയമിതയായതിനെ തുടർന്ന് ശ്രീമതി.ബസ്സി ജോർജ്ജുമായി സ്കൂൾ മാനേജ്മെന്റും ടി സ്കൂളിലെ സഹപ്രവർത്തകരും ആരോഗ്യകരമായ ബന്ധമല്ല തുടർന്ന് വരുന്നതെന്ന് അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്. അക്കാരണത്താൽ ശ്രീമതി.ബസ്സി ജോർജ്.എൻ.-നെതിരായ ആരോപണങ്ങളിൽ സ്കൂൾ മാനേജ്മെന്റും ടി സ്കൂളിലെ സഹപ്രവർത്തകരും ഏകാഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

2019-20 അദ്ധ്യയന വർഷത്തിൽ എക്കോ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 5,000/- രൂപ ശാസ്താംകോട്ട **Dr.C.T.Eapan Memorial Residential Higher Secondary School** ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ശ്രീമതി.ബസ്സി ജോർജ്.എൻ. പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിക്കാതെ കൈവശപ്പെടുത്തി എന്ന വിഷയത്തിൽ, എക്കോ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി ആനുവദിച്ച 5000/- രൂപയുടെ ബില്ലുകളുടെയും വൗച്ചറുകളുടെയും കോപ്പികളും ഈ അന്വേഷണ മദ്ധ്യേ ശ്രീമതി.ബസ്സി ജോർജ്.എൻ. ഹാജരാക്കിയിട്ടുള്ളതാണ്.

2019-20 അദ്ധ്യയന വർഷത്തിൽ ബയോഡൈവേഴ്സിറ്റി പ്രവൃത്തികൾക്കായി അനുവദിച്ച 10,000/- രൂപ എന്നിവ ശാസ്താംകോട്ട **Dr.C.T.Eapan Memorial Residential Higher Secondary School** ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിക്കാതെ കൈവശപ്പെടുത്തി എന്ന കാര്യത്തിൽ ടി ഇനത്തിൽ ചിലവായ 10,000/- രൂപയുടെ ബില്ലുകളുടെയും വൗച്ചറുകളുടെയും കോപ്പികൾ ഈ അന്വേഷണമദ്ധ്യേ ശ്രീമതി.ബസ്സി ജോർജ്.എൻ. ഹാജരാക്കിയിട്ടുണ്ട്.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമികാന്വേഷണത്തിന്റെ ഇതുവരെയുള്ള അന്വേഷണങ്ങളിൽ 2019-20 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി സർക്കാർ അനുവദിച്ച 23,000/- രൂപ, 2020-21 അദ്ധ്യയന വർഷത്തിൽ ടി

ഇനത്തിൽ അനുവദിച്ച 76,608/- രൂപ, 2019-20 അദ്ധ്യയന വർഷത്തിലെ എക്കോ ക്ലബ്ബ് പ്രവർത്തനങ്ങൾക്കായി അനുവദിച്ച 5000/- രൂപ, ബയോ ഡൈവേഴ്സിറ്റി പ്രവൃത്തികൾക്കായി അനുവദിച്ച 10,000/- രൂപ എന്നിവ ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിച്ചിട്ടില്ല എന്ന ശ്രീമതി.ബസ്സി ജോർജ്.എൻ. നെതിരായ ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്നു റിപ്പോർട്ട് ചെയ്യുന്നു."

8) ഹിയറിംഗ് സമയത്ത് ഹർജിക്കാരി ഉന്നയിച്ച കാര്യങ്ങൾ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രീമതിബസ്സി ജോർജ്ജിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചു എന്നുള്ളത് വസ്തുതയാണ്. എന്നാൽ അരിയുടെ യഥാർത്ഥ സ്റ്റോക്കിൽ കുറവ് കണ്ടെത്തുകയോ, സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായോ കണ്ടെത്തിയിട്ടില്ല. ഉച്ചഭക്ഷണ നടത്തിപ്പുമായി ബന്ധപ്പെട്ട ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ശ്രീമതി.ബസി ജോർജ്ജിനെതിരായി അച്ചടക്കനടപടികൾ സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയതും, തുടർന്ന് 04.02.2022 മുതൽ സസ്പെൻഷനിൽ നിർത്തിയിട്ടുള്ളതും. വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തലുകളിൽ കവിഞ്ഞ് ഉച്ച ഭക്ഷണ പദ്ധതി നിർവ്വഹണം സംബന്ധിച്ച കുറ്റാരോപണത്തിന്മേൽ കൂടുതലൊന്നും കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് കണ്ടെത്താനായിട്ടില്ല. സ്കൂൾ യൂണിഫോം, ഇക്കോ ക്ലബ്ബ്, ബയോഡൈവേഴ്സിറ്റി പാർക്ക് എന്നിവയ്ക്കായി സർക്കാർ അനുവദിച്ച 1,14,608/- രൂപ വിനിയോഗിച്ചതിന്റെ ബില്ലുകളുടെയും വൗച്ചറുകളുടെയും പകർപ്പുകൾ ശ്രീമതി.ബസി ജോർജ്ജ് ഹാജരാക്കുകയുണ്ടായി. വകുപ്പ് തലത്തിലുള്ള അനുമതിയോ പോലീസ് അനുമതിയോ മഹസ്സറോ കൂടാതെയാണ് ലോക്കൽ മാനേജർ ഫാ.എബ്രഹാം വർഗ്ഗീസിന്റെ നേതൃത്വത്തിൽ അലമാര പൊളിച്ചതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും, സർക്കാർ ഫണ്ട് വിനിയോഗം സംബന്ധിച്ച മുൻകാല രജിസ്റ്ററുകൾ ആവശ്യപ്പെട്ടിട്ടും അതൊന്നും ഹാജരാക്കാൻ ടീച്ചർ ഇൻ ചാർജ് സുജ മറിയം ജോർജിന് സാധിച്ചില്ല എന്നും ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ

ബ്യൂറോയുടെ പ്രാഥമിക അന്വേഷണം അന്തിമഘട്ടത്തിലാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ യൂണിഫോം, ഇക്കോക്ലബ്ബ് പ്രവർത്തനങ്ങൾ, ബയോഡൈവേഴ്സിറ്റി പ്രവൃത്തികൾ എന്നിവയ്ക്കായി അനുവദിച്ച തുക ഹെഡ്മിസ്ട്രസിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച ശേഷം ടി തുകകൾ വിനിയോഗിച്ചിട്ടില്ല എന്ന ശ്രീമതി.ബസി ജോർജ്ജിനെതിരായ ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**9)** ശ്രീമതി.ബസി ജോർജ്ജിനെതിരായ വേലവിലക്കിന്റെ കാര്യത്തിൽ, വേലവിലക്ക് കാലയളവ് ആറ് മാസം അധികരിച്ചിട്ടുള്ളതിനാലും, കെ.ഇ.ആർ അധ്യായം **XIV** എ ചട്ടം **75** പ്രകാരമുള്ള ഫോർമൽ എൻക്വയറി പൂർത്തിയാക്കി അത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നൽകിയിട്ടുള്ളതിനാലും കെ.ഇ.ആർ അധ്യായം **X I V** എ ചട്ടം **67 (9)** പ്രകാരം ടിയാരിക്കെതിരെയുള്ള സസ്പെൻഷൻ നടപടി പുനഃപരിശോധിക്കാവുന്നതും, ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ തുടർന്നുകൊണ്ട് ടിയാരിയെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുവാൻ മാനേജർക്ക് നർദ്ദേശം നൽകാവുന്നതുമാണ് എന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**10)** സർക്കാരിന്റെ ധനകാര്യ വകുപ്പ് പരിശോധന വിഭാഗം, കൊല്ലം യൂണിറ്റ് ടി വിഷയം സംബന്ധിച്ച് പരിശോധന നടത്തി വരികയാണെന്നും, ആയതിനാൽ ടി പരിശോധന റിപ്പോർട്ട് കൂടി കണക്കിലെടുത്ത് മാത്രമേ അന്തിമ തീരുമാനം എടുക്കാവൂ എന്ന് സ്കൂൾ മാനേജർ ആവശ്യപ്പെടുകയുണ്ടായി. ശാസ്താംകോട്ട മുതുപിലാക്കാട് സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിൽ പരിശോധന നടത്തുന്നതിന് ആധാരമായ പരാതിയിലെ ആരോപണങ്ങൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം അന്വേഷിച്ച് ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് ഇതിനകം തന്നെ കണ്ടെത്തിയതിനാൽ, ഇതേ ആരോപണങ്ങളിൻമേലുള്ള ധനകാര്യ വകുപ്പ് പരിശോധന വിഭാഗത്തിന്റെ അന്വേഷണ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

**12)** മേൽ സാഹചര്യത്തിൽ മുതുപിലാക്കാട് ഡോ.സിറ്റി ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത **WP(C)30841/2022** ന്റെ **28.09.2022** -ലെ വിധിന്യായം പ്രകാരം മാനേജർ സർക്കാരിൽ ഫയൽ ചെയ്ത

എക്സിബിറ്റ് പി6 റിവിഷൻ ഹർജി നിരസിച്ചും, ശ്രീമതി.ബസി ജോർജ്ജിനെതിരായ വേലവിലക്കിന്റെ കാര്യത്തിൽ, വേലവിലക്ക് കാലയളവ് ആറ് മാസം അധികരിച്ചിട്ടുള്ളതിനാലും, കെ.ഇ.ആർ അധ്യായം X I V എ ചട്ടം 75 പ്രകാരമുള്ള ഫോർമൽ എൻക്വയറി പൂർത്തിയാക്കി അത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നൽകിയിട്ടുള്ളതിനാലും, കുറ്റാരോപിതയായ ശ്രീമതി.ബസി ജോർജ്ജ് എൻ.നെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടിക്ക് വിധേയമായി ഉടനടി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകി, ശ്രീമതി.ബസി ജോർജ്ജ് എൻ. ഫയൽ ചെയ്ത എക്സിബിറ്റ് പി1 1 ഹർജി തീർപ്പാക്കിയും, അപ്രകാരം ശാസ്താംകോട്ട മുതുപിലാക്കാട് ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂളിലെ സസ്പെൻഷനിലായ പ്രധാനാദ്ധ്യാപിക ശ്രീമതി.ബസി ജോർജ്ജ്.എൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22901/2022-ലെ 27.07.2022 ലെ വിധിന്യായത്തിലെയും, സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.30841/2022-ലെ 28.09.2022 -ലെ വിധിന്യായത്തിലെയും നിർദ്ദേശം നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര, കൊല്ലം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശാസ്താംകോട്ട, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂൾ, മുതുപിലാക്കാട്, ശാസ്താംകോട്ട, കൊല്ലം
ശ്രീമതി.ബസി ജോർജ്ജ്.എൻ, നാലാംവേലിൽ (Nalamvelil), മനക്കര (Manakkara), ഭരണിക്കാവ്, ശാസ്താംകോട്ട, കൊല്ലം
ശ്രീമതി.സുജ മറിയം ജോർജ്ജ്, ടീച്ചർ ഇൻ ചാർജ്ജ്, ഡോ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർസെക്കന്ററി സ്കൂൾ, മുതുപിലാക്കാട്, ശാസ്താംകോട്ട, കൊല്ലം
പൊതുജന സമ്പർക്ക(വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-06-2023 10:52:20

സെക്ഷൻ ഓഫീസർ